**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **30-07-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ്/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് , പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസ ഭക്ഷണ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500/- രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ യൂണിഫോം, ബാഗ്, ചെരുപ്പ് തുടങ്ങിയവും അവധി ദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാപ്പടിയും നൽകി വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയായി 200 രൂപയും ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് 2875/- രൂപ വീതവും നിയമാനുസൃത യാത്രാബത്തയും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർഥികൾക്ക് ഹൈസ്കൂൾ തലം വരെ പ്രതിമാസം 3000/- രൂപ നിരക്കിലും, ഹൈസ്കൂൾ തലത്തിനു മുകളിൽ പ്രതിമാസം 3450/- രൂപ നിരക്കിലും മെസ് ചാർജ് അനുവദിച്ച് വരുന്നുണ്ട്. ഇതുകൂടാതെ ഭക്ഷണേതര ചെലവുകൾ വിവിധ നിരക്കുകളിൽ വകുപ്പ് നൽകി വരുന്നു. ഇതിനുപുറമേ ഭൗതിക സാഹചര്യങ്ങൾ യുണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം എന്നിവയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് CCTV, മിനി മാസ്റ്റ് ലൈറ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. പെൺകുട്ടികളുടെ എല്ലാ ഹോസ്റ്റലുകളിലും വെൻഡിങ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ സുരക്ഷയ്ക്കായി ഹോസ്റ്റലുകളിൽ അഗ്നി പ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാചകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീംബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വവികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിലവിൽ ഓൺലൈൻ പഠനസൗകര്യം ഇല്ലാത്ത വിദ്യാർത്ഥികളുടെ ഓൺലൈൺ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലേക്കായി ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഇന്റർനെറ്റ്/ഡിറ്റിഎച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യപഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLCകൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/ഡിറ്റിഎച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന മുറികളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസുകൾ വിദ്യാർഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി. വകുപ്പിനു ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ടാബ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഓൺലൈൻ/ ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റും, ബിരുദം, ബിരുദാനന്തരം ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43,952 വിദ്യാർഥികളുടെ വിവരങ്ങൾ തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ടാബ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഓൺലൈൻ/ ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് ലെറ്റും, ബിരുദം, ബിരുദാനന്തരം ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പും വാങ്ങി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഡിജിറ്റൽ പഠന സൗകര്യങ്ങളില്ലാത്ത 43,952 വിദ്യാർഥികളുടെ വിവരങ്ങൾ തുടർനടപടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ